**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5512** **24-03-2025 - ൽ മറുപടിയ്ക്ക്**

**കൊലപാതകങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2016 മേയ് മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്; ജില്ല തിരിച്ച് എണ്ണം വ്യക്തമാക്കാമോ; | (എ) | 2016 മേയ് മാസം മുതൽ നാളിതുവരെ (16/03/2025 വരെ) സംസ്ഥാനത്ത് 3070 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കൊലപാതകങ്ങളിൽ ഗുണ്ടാ സംഘങ്ങൾ തമ്മിലുള്ള സംഘർഷം മൂലമുണ്ടായവ എത്ര; വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത കൊലപാതക കേസുകളിൽ 18 എണ്ണം ഗുണ്ടാ സംഘങ്ങൾ തമ്മിലുള്ള സംഘർഷം മൂലമുണ്ടായവയാണ്. |
| (സി) | പ്രസ്തുത കൊലപാതകങ്ങളിൽ ലഹരി ഉപയോഗം കാരണം നടന്നവ എത്ര; വ്യക്തമാക്കാമോ; | (സി) | പ്രസ്തുത കൊലപാതക കേസുകളിൽ 52 എണ്ണം ലഹരി ഉപയോഗം മൂലം ഉണ്ടായവയാണ്. |
| (ഡി) | പ്രസ്തുത കാലയളവിൽ കൊലപാതക കേസ്സുകളിൽ പ്രതികളായവരിൽ എത്ര പേരെ ശിക്ഷിച്ചിട്ടുണ്ട്; എത്ര പ്രതികളെ ഇനിയും കണ്ടെത്താനുണ്ട്; വിശദമാക്കാമോ; | (ഡി) | പ്രസ്തുത കാലയളവിൽ നടന്ന കൊലപാതക കേസുകളിൽ ബഹു.കോടതികൾ തീർപ്പാക്കിയ കേസുകളിലെ പ്രതികളിൽ 476 പേരെ ശിക്ഷിച്ചിട്ടുണ്ട്. പ്രസ്തുത കേസുകളിൽ പ്രതി ചേർക്കപ്പെട്ട 78 പേരെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട്. |
| (ഇ) | ഈ കൊലപാതകങ്ങളിൽ ശിക്ഷ വിധിച്ച ഏതെങ്കിലും പ്രതികൾക്ക് ശിക്ഷാ ഇളവ്, പരോൾ എന്നിവ നൽകിയിട്ടുണ്ടോ; ഇനം തിരിച്ച് വിശദമാക്കാമോ? | (ഇ) | 2016 മെയ് മുതൽ നാളിതുവരെ കൊലപാതക കേസുകളിൽ ശിക്ഷിച്ച് കേരളത്തിലെ വിവിധ ജയിലുകളിലായി പാർപ്പിച്ചിട്ടുള്ള അന്തേവാസികളിൽ 168 പേർക്ക് 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണവും സന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ പ്രകാരം അർഹമായ അവധി ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. ആർക്കും തന്നെ ശിക്ഷാ ഇളവ് നൽകി വിട്ടുതൽ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **ജില്ല** | **01/05/2016 മുതൽ 16/03/2025 വരെ സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങളുടെ എണ്ണം** |
|---|---|
| തിരുവനന്തപുരം സിറ്റി | 131 |
| തിരുവനന്തപുരം റൂറൽ | 287 |
| കൊല്ലം സിറ്റി | 148 |
| കൊല്ലം റൂറൽ | 190 |
| പത്തനംതിട്ട | 140 |
| ആലപ്പുഴ | 180 |
| കോട്ടയം | 180 |
| ഇടുക്കി | 198 |
| എറണാകുളം സിറ്റി | 130 |
| എറണാകുളം റൂറൽ | 219 |
| തൃശ്ശൂർ സിറ്റി | 165 |
| തൃശ്ശൂർ റൂറൽ | 150 |
| പാലക്കാട് | 233 |
| മലപ്പുറം | 200 |
| കോഴിക്കോട് സിറ്റി | 58 |
| കോഴിക്കോട് റൂറൽ | 99 |
| വയനാട് | 90 |
| കണ്ണൂർ സിറ്റി | 84 |
| കണ്ണൂർ റൂറൽ | 68 |
| കാസർകോഡ് | 115 |
| റെയിൽവേ | 5 |
| **ആകെ** | **3070** |

സെക്ഷൻ ഓഫീസർ